LIBRARY ARCHIVES Kerala Legislative Assembly

ചികിത്സാ സഹായമായി വിതരണം ചെയ്ത തുക

125 (1088) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിൽ നിന്നും പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് കഴിഞ്ഞ 4 വർഷക്കാലം ചികിത്സാസഹായ ധനമായി എത്ര തുകയാണ് വിതരണം ചെയ്തിട്ടുള്ളത് ;

(ബി) പ്രസ്തുത ചികിത്സാ സഹായം എത്ര പേർക്ക് ലഭ്യമാക്കി എന്നത് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

ചികിത്സാനിധിയിൽ നിന്നും അരൂർ മണ്ഡലത്തിലെ എസ്സി./എസ്ടി. വിഭാഗങ്ങൾക്കുള്ള ധനസഹായം

126 (1089) ശ്രീ. എ. എം. ആരിഫ് :താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അരൂർ മണ്ഡലത്തിൽ 2006 മേയ് മുതൽ പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രിയുടെ ചികിത്സാനിധിയിൽ നിന്നും എസ്സി./എസ്ടി. വിഭാഗങ്ങളിൽപ്പെട്ട എത്രപേർക്ക് ധനസഹായമനുവദിച്ചിട്ടുണ്ടെന്നും ആകെ എത്ര രൂപ അനുവദിച്ചുവെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

അരൂർ മണ്ഡലത്തിൽ 2006 മേയ് മാസം മുതൽ പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പട്ടികജാതി വിഭാഗത്തിൽപ്പെട്ട 388 പേർക്ക് ആകെ 21,91,000 രൂപ വിതരണം ചെയ്തിട്ടുണ്ട്. ആയതിന്റെ വർഷം തിരിച്ചുള്ള എണ്ണവും തുകയും ചുവടെ ചേർക്കുന്നു:

വർഷം	അപേക്ഷകൾ	തുക
2006-07	14	75,000
2007-08	31	2,42,000
2008-09	108	6,43,100
2009-10	151	9,08,400
2010-11	84	3,22,500
ആകെ	388	21,91,000